മന്ത്രി അവർകളുടെ അനുഭാവപൂർവ്വമായ മറുപടി കേട്ടതുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Cut Motion No. 2.
To give practical training to the 'Bhushana' title Holders and the R. V. C. A. Hospital Trichur.

Mr. V. N. Damodaran Nambiar *(Trippunittura):* I rise *to move to reduce the allotment of Rs. 44,642 for Ayurveda by Re. 1. The necessity of giving practical training to the 'Bhushana' title holders who pass out of the Sanskrit College, Trippunittura, in the Rama Varma Central Ayurvedic Hospital, Trichur).*

ഈ സംഗതി അത്യാവശ്യമായി ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ഈ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നത്. തൃപ്പൂണിത്തുറയുള്ള സംസ്കൃത കോളേജിൽ ഇപ്പോൾ ആയുർവ്വേദം പഠിപ്പിച്ചുവരുന്നുണ്ട്. അവിടെ അഷ്ടാംഗഹൃദയം ആദ്യംമുതൽ അവസാനംവരെ ഉരുവിടുവിക്കുന്നതുകൊണ്ടുമാത്രം ചികിത്സാക്രമം മനസ്സിലാക്കി ചികിത്സ നടത്തുന്നതിന്ന് സാധിക്കുന്നില്ല. അതു കൊല്ലത്തെ കോഴ്സാണ് ഇപ്പോൾ ഉള്ളത്. രണ്ടുകൊല്ലത്തിലൊരിക്കലാണ് പരീക്ഷ നടത്തുന്നത്. അതു ഇപ്പോൾ തുടങ്ങീട്ട് എത്രകാലമായിട്ടെന്ന നിശ്ചയമില്ലെങ്കിലും, ഏതാണ്ട് പത്തു പന്ത്രണ്ടു കൊല്ലത്തിനുമേൽ ആയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. അതിന്നു ശേഷം ഇതുവരെ ഇരുപതു്, ഇരുപതുപേരിൽ അധികം ആ സെക്ഷനിൽനിന്നു "ഭൂഷണ"മെന്ന ബിരുദസമ്പാദിച്ചു പോയിട്ടില്ല. ആ ഇരുപത് ഇരുപത്തഞ്ചുപേരിൽ നാലോ അഞ്ചോ പേരിൽ കൂടുതൽ ശരിയായി വൈദ്യം പ്രാക്ടീസ് ചെയ്യുവരുന്നതായി എനിക്കറിവില്ല. എന്റെ അറിവിൽ രണ്ടോ മൂന്നോപേർ മാത്രമെ ചികിത്സയിലേർപ്പെട്ടിട്ടുള്ളൂ. അവിടെ ഏതെങ്കിലും വിഷയങ്ങൾ പഠിച്ചു "ഭൂഷണം" എന്ന ബിരുദം കിട്ടീട്ടുള്ളവർക്ക്, സംസ്കൃത പണ്ഡിതന്മാരാകുവാൻ സാധിക്കും. പ്രത്യേക പരീക്ഷ വേണ്ടെന്നുവെച്ചു, ഇവരേയുംകൂടി സംസ്കൃത പണ്ഡിതന്മാരാക്കുന്ന നടപടി ഇപ്പോൾ നടന്നുവരുന്നുണ്ട്. അതനുസരിച്ചു ആയുർവ്വേദം പഠിച്ചിട്ടുള്ളവരെ സംസ്കൃത പണ്ഡിതന്മാരാക്കുന്നുമുണ്ട്. അല്ലാതെ അവർ പഠിച്ച വിഷയം അനുസരിച്ചു ചികിത്സകൾ നടത്തി പോരുന്നതായി കാണുന്നില്ല. അതിന്നുള്ള പ്രധാന കാരണം എന്നിക്കുതോന്നുന്നതു രണ്ടു സംഗതികളാണ്. അവരെ പഴയ രീതിയിൽ അഷ്ടാംഗഹൃദയത്തിലുള്ള ശ്ലോകങ്ങൾ ഉരുവിടീക്കൽ മാത്രമല്ലാതെ, അതു പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുവാനുള്ള പ്രായോഗികമായ പരിശീലനം അവർക്കു കൊടുക്കുന്നില്ല.

രണ്ടാമതു പുസ്തകത്തിൽനിന്നും പഠിക്കുന്ന ശ്ലോകങ്ങളിൽ കഷായത്തിന്നുംമറ്റുമുള്ള അനവധി പച്ചമരുന്നുകളുടെ പേരുകളുണ്ടാകുമല്ലൊ. ആ പച്ചമരുന്നുകൾ ഏതെല്ലാം ആണെന്നു കണ്ടുപഠിക്കുവാൻ അവർക്കു സാധിക്കുന്നില്ല. "കുറുന്തോട്ടി" പറിച്ചുകൊണ്ടുവന്നു കൊടുത്താൽ അതു "കുറുന്തോട്ടി"യാണെന്നറിയുവാൻകൂടി അവർക്കു ചിലപ്പോൾ സാധ്യമായില്ലെന്നു വന്നേക്കും.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഈ നാട്ടുകാരല്ലേ പഠിക്കുന്നത്?

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: അതേ, ഈ നാട്ടുകാരാണ് എങ്കിലും പുസ്തകംകൊണ്ടുമാത്രമുള്ള പഠിത്തമേ അവർക്കുള്ളൂ. അതുകൊണ്ട് കൂടുതൽ പരിചയം കിട്ടുന്നതുവരെ നിലയിൽ ആയുർവ്വേദ വൈദ്യന്മാരുടെ അടുക്കൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു പരിചയം കിട്ടുവാൻവേണ്ടിയുള്ള സൌകര്യം കൊടുത്താൽ അവർ ആയുർവ്വേദ സമ്പ്രദായം മനസ്സിലാക്കുന്നതും, അതുകൊണ്ടു ജനങ്ങൾക്കു പ്രയോജനമുണ്ടാകുന്നതുമാണെന്നാണ് എന്റെ അഭിപ്രായം. അവരുടെ പഠിത്തത്തിനുശേഷം രണ്ടോ, മൂന്നോ കൊല്ലം ആസ്പത്രിയിൽ നടത്തുന്ന ചികിത്സകണ്ടു പരിചയം വരുത്തുന്നതിനുംകൂടിയുള്ള ഏർപ്പാട് ഗവർമ്മെൻറ് ചെയ്യണമെന്നു് എനിക്കപേക്ഷയുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇത് അങ്ങോട്ട് മാറിയാൽപ്പോരെ?

മിസ്റ്റർ സി. വി. ഇയ്യു: ഇപ്പോൾ പഠിച്ചു പുറത്തുപോയിട്ടുള്ള ആളുകളുടെ പരിശീലനത്തിനുവേണ്ടിയാണ് മിസ്റ്റർ നമ്പ്യാർ പറയുന്നതു്.

Dr. A. R. Menon *(Minister for Rural Development):* I again appreciate the force of the argument. The Government is willing to accept the motion brought forward by my friend, Mr. Nambiar. As it is, they have to undergo one year's training in the hospital. Even that one year may not be sufficient. Apart from the period, the principle underlying the motion is absolutely sound and we will give effect to the recommendation contained in the motion.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ഗവർമ്മെണ്ടു് ഈ തത്വത്തെ അക്സപ്റ്റ് ചെയ്തിട്ടുള്ളതുകൊണ്ടു ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുന്നു

The motion was, by leave, withdrawn.

Cut Motion No. 3.

To make Ayurveda a special Department.

Mr. C. V. Iyyu *(Kunnamkulam):* Sir, I rise to move *to reduce the allotment of Rs. 44,642 for Ayurveda by Rs. 2. (To separate this Department from the control of the Director of Public Health and Panchayats under a Special Departmental head).*

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം, ആയുർവ്വേദത്തിന്റെ അഭിവൃദ്ധിക്കായി ആയുർവ്വേദ വൈദ്യശാലകൾ ഇനിയും രാജ്യത്തു ധാരാളം പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രായോഗിക പദ്ധതി രൂപീകരിച്ചു, ജനങ്ങൾക്കു അധികം പ്രയോജനം ഉണ്ടാകത്തക്കവിധത്തിൽ അതു് വേർതിരിച്ചു ഭരിക്കാതെ, മറ്റൊരു ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ പ്രത്യേകിച്ചും ആയുർവ്വേദത്തെക്കുറിച്ചു പരിചയമില്ലാത്ത ആളുകളുടെ കീഴിൽ വെച്ചുകൊണ്ടിരുന്നു, ആയുർവ്വേദത്തിന്റെ പ്രചരണം വൽക്കാതിരിക്കുന്നതിനു ഇടവരുന്നു എന്നുള്ളതാണ്. രാജ്യത്തുള്ള വൈദ്യശാലകളുടെ എണ്ണം, അതിന്റെ പ്രയോജനം, മനുഷ്യർക്കു ആയുർവ്വേദത്തിലുള്ള അത്യധികമായ വിശ്വാസം ഇതെല്ലാംകൂടി ആലോചിക്കുമ്പോൾ ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണു്. ആയുർവ്വേദ ഔഷധങ്ങളിൽനിന്നു പലേ ഗവേഷണങ്ങളും നടത്തി ഇംഗ്ലീഷ് വൈദ്യന്മാർ ഇപ്പോൾ പലേ മരുന്നുകളും എടുക്കുവാൻ തുടങ്ങീട്ടുണ്ടു്. അതുകൊണ്ടു് ഇതു് തീരെ കൊള്ളരുതാത്തതാണെന്നോ, നിഷ്പ്രയോജനമാണെന്നോ, ശാസ്ത്രവിദ്യാഭ്യാസമുള്ളവരാരും സമ്മതിക്കയില്ല. അതുകൊണ്ടു് നമ്മുടെ ഗവർമ്മെണ്ടു് ഇതിനു വേറെ ഒരു ഡിപ്പാർട്ട്മെൻറ് രൂപീകരിച്ചു വേർതിരിച്ചു നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly